(ബി) ഇവർ ഏതെല്ലാം വകുപ്പിലെ ഉദ്യോഗസ്ഥൻമാരാണെന്നും തസ്തികകൾ ഏതാണെന്നും ഏതെല്ലാം കുറ്റങ്ങൾക്കാണ് കേസ് എടുത്തിട്ടുള്ളതെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കേസുകളിൽ എത്രപേരെ അറസ്റ്റ് ചെയ്തെന്നും എത്രപേരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും, എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ക്രിമിനൽ പ്രവണതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നു വിശദമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

നാരായണന്റെ ദുരൂഹമരണം

48 [53] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) 19-9-2004-ൽ കർണ്ണാടകയിൽ നടന്ന വാഹനാപകടത്തിൽ മരണപ്പെട്ട പെരിങ്ങളം മണ്ഡലത്തിലെ ചെറുപറമ്പിലെ നടക്കണ്ടിയിൽ നാരായണന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് വ്യക്തമാക്കി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനം സംബന്ധിച്ച് മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിക്ക് 25-9-2004-ന് നൽകിയ കത്തിൻമേൽ എന്ത് നടപടി കർണ്ണാടക ഗവൺമെന്റ് സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് ശ്രീ. പി. ഗംഗാധരൻ മാസ്റ്റർ ചെയർമാനായി രൂപീകരിച്ച ആക്ഷൻ കമ്മിറ്റിയിൽ നിന്നും 7-10-2004-ൽ ഒരു പരാതിയും തലശ്ശേരി താലൂക്ക് വള്ള്യായിദേശത്തെ കിരൻ അനന്തൻ എന്നയാൾ 23-11-2004-ന് ബഹു. മുഖ്യമന്ത്രിക്ക് നൽകിയ പരാതിയും ലഭിച്ചിട്ടുണ്ട്. ഇവ അന്വേഷണത്തിനും റിപ്പോർട്ടിനുമായി കർണ്ണാടക ഡി. ജി. പി.- ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) വിവരം ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly